LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

### (2) പരിഗണനയിലിരിക്കുന്നവ

27-11-2017-ലെ ഉത്തരവ് മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.-മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചട്ടം 155 പ്രകാരം സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ഈ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## X. പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

### ഒൻപതാം സമ്മേളനം - സംക്ഷിപ്തം

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനവരി മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2018-2019 വർഷത്തെ ബജറ്റ് ഫെബ്രുവരി 2-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.